പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 20 — 28.11.2018- ൽ മറുപടിയ്ക്ക്

## സായംപ്രഭ സമഗ്രപദ്ധതി

ചോദ്യം — മറുപടി

ശ്രീ.കെ.ആൻസലൻ
ശ്രീ.മുരളി പെരുനെല്ലി
ശ്രീ.കെ.കുഞ്ഞിരാമൻ
ശ്രീ.വി.കെ.സി.മമ്മത് കോയ.

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | വയോജനങ്ങളുടെ ക്ഷേമത്തിനായി സായംപ്രഭ എന്ന പേരിൽ സമഗ്രപദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സായംപ്രഭ ശീർഷകത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി വയോജന മന്ദിരങ്ങൾ ആധുനികവൽക്കരി- ക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | സംസ്ഥാന സർക്കാരിനു കീഴിലുള്ള വിവിധ വൃദ്ധസദനങ്ങൾ ആധുനികവത്ക്കരിയ്ക്കുന്നതിനും, വയോജന പകൽ പരിപാലന കേന്ദ്രങ്ങൾ അപ്ഗ്രേഡ് ചെയ്യുന്നതിനും സർക്കാർ നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. സർക്കാർ വൃദ്ധമന്ദിരങ്ങളിൽ ഹൈടെക് ബെഡ്ഡുകൾ |

| | | | |
|---|---|---|---|
| | | | സജ്ജീകരിയ്ക്കൽ, സി.സി.ടി.വി. ക്യാമറകൾ ഘടിപ്പിക്കൽ, കിടപ്പ് രോഗികളെ കിടത്തി കുളിപ്പിയ്ക്കുന്നതിനും മറ്റുമായി പ്രത്യേക ബെഡ്ഡുകൾ, സ്വയംതൊഴിൽ സൗകര്യം, തുടങ്ങിയ പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നു. കൂടാതെ പുലയനാർകോട്ട കെയർ ഹോമിൽ ദമ്പതികളായ വൃദ്ധജനങ്ങൾക്ക് താമസിയ്ക്കുന്ന-തിനായി Couple Home പണിയുന്നതിന് 4,49,84,000/ രൂപയുടെ പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ ജോലികൾ ഉടൻ ആരംഭിയ്ക്കുന്നതാണ്. കൂടാതെ പഞ്ചായത്ത്/നഗരസഭയുടെ ഉടമസ്ഥതയിലുള്ള വയോജന പകൽ പരിപാലന കേന്ദ്രങ്ങളെ ആധുനികവത്ക്കരിയ്ക്കുന്നതിനായി സായംപ്രഭാ ഹോം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. ഇത് പ്രകാരം പ്രസ്തുത പകൽ പരിപാലന കേന്ദ്രങ്ങളിൽ കെയർ ഗിവർ സേവനം, യോഗ, മെഡിറ്റേഷൻ ക്ലാസ്സുകൾ, വിനോദോപാധികൾ, മറ്റ് |

| | | | |
|---|---|---|---|
| | | | ഫർണിച്ചർ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തി വരുന്നു. |
| (സി) | വയോജനങ്ങൾ നേരിടുന്ന അവഗണനയ്ക്ക് എതിരെ പൊതുജനങ്ങൾക്കിടയിൽ ബോധവത്ക്കരണം നടത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | വയോജനങ്ങൾ നേരിടുന്ന അവഗണനയ്ക്ക് എതിരേ പൊതുജനങ്ങൾക്കിടയിൽ ബോധ-വത്ക്കരണം നടത്തുന്നതിന് നിരവധി പദ്ധതികൾ നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി പലവിധത്തിലുള്ള പ്രോഗ്രാമുകളും സെമിനാറുകളും മറ്റ് പ്രവർത്തനങ്ങളും വകുപ്പ് മുഖാന്തിരം നടത്തി വരുന്നുണ്ട്. വയോജന ദിനാചരണം, വയോജന പീഡന വിരുദ്ധ ദിനാചരണം തുടങ്ങിയ ദിനാഘോഷങ്ങളുമായി ബന്ധപ്പെട്ട് വയോജന സംരക്ഷണ നിയമം, വയോജനങ്ങൾ സമൂഹത്തിൽ അനുഭവിക്കുന്ന അവഗണനയും അതിക്രമങ്ങളും സംബന്ധിച്ച് വിദഗ്ധരുടെ ക്ലാസ്സുകൾ ഉൾപ്പെടുത്തി ബോധവത്ക്കരണ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നുണ്ട്. സംസ്ഥാനത്തെ മെയിന്റനൻസ് ട്രൈബ്യൂണലുകളുടെ ആഭിമുഖ്യത്തിൽ വകുപ്പിന്റെ ധനസഹായത്തോടെ സായന്തനം, വയോസംഗമം തുടങ്ങിയ പരിപാടികൾ പൊതുജന- |

| | | | |
|---|---|---|---|
| | | | ങ്ങളുടെ അവബോധാർത്ഥം നടത്തി വരുന്നുണ്ട്. വയോജനങ്ങളോടുള്ള അവഗണനാപരമായ സമീപനത്തിന് മാറ്റം വരുത്തുന്ന പ്രവർത്തനങ്ങൾ തുടങ്ങേണ്ടത് കുട്ടികളിൽ നിന്നാണെന്ന തിരിച്ചറിവിൽ സംസ്ഥാനത്തെ സ്കൂൾ/കോളേജുകൾ കേന്ദ്രീകരിച്ചും ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ മാതാപിതാക്കളുടേയും മുതിർന്ന പൗരന്മാരുടേയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമത്തിന്റെ സംസ്ഥാന ചട്ടങ്ങൾ പ്രകാരം രൂപീകരിച്ചിട്ടുള്ള സംസ്ഥാന വയോജന കൗൺസിൽ, ജില്ലാ കമ്മറ്റികൾ എന്നിവ വഴിയും പൊതുജനങ്ങൾക്ക് അറിവും ബോധവത്കരണവും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ.

## അനുബന്ധം

1. **സായംപ്രഭ ഹോം പദ്ധതി**: - നിലവിൽ സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ നൽകിക്കൊണ്ട് സായംപ്രഭ ഹോം ആയി അപ്ഗ്രേഡ് ചെയ്യുന്ന പദ്ധതിയാണ് 'സായംപ്രഭ ഹോം' പദ്ധതി. ആദ്യ ഘട്ടത്തിൽ 82 പകൽ പരിപാലന കേന്ദ്രങ്ങളെയാണ് പദ്ധതിയ്ക്കായി തിരഞ്ഞെടുത്തിട്ടുള്ളത്. ഓരോ പകൽ പരിപാലന കേന്ദ്രങ്ങൾക്കും കെയർ ഗിവർ സേവനം, യോഗ, മെഡിറ്റേഷൻ ക്ലാസ്സുകൾ, വിനോദോപാധികൾ. കട്ടിലുകൾ, ഈസി ചെയർ, കസേര എന്നിവ ഉൾപ്പെടെ ആവശ്യമായ ഫർണിച്ചറുകൾ ടെലിവിഷൻ സൗകര്യം, കണ്ടിജൻസി ചിലവുകൾക്കായുള്ള തുക എന്നീ അധിക സൗകര്യങ്ങളാണ് നൽകാനുദ്ദേശിച്ചിട്ടുള്ളത്.
2. **മന്ദഹാസം പദ്ധതി**: - സംസ്ഥാനത്തെ, പല്ലുകൾ പൂർണ്ണമായും നഷ്ടപ്പെട്ട 60 വയസ്സു കഴിഞ്ഞ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വയോജനങ്ങൾക്ക് പൂർണ്ണ ദന്തനിര സൗജന്യമായി വച്ചു പിടിപ്പിച്ചു കൊടുക്കുന്ന പദ്ധതിയാണ് മന്ദഹാസം പദ്ധതി. ആദ്യഘട്ടത്തിൽ 1500 പേർക്ക് പദ്ധതി ആനുകൂല്യം നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ നാളിതുവരെ 1540 ഗുണഭോക്താക്കൾക്ക് ദന്തനിര വച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞു.
3. **വയോ അമൃതം പദ്ധതി**:- സംസ്ഥാനത്തെ 15 സർക്കാർ വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് ആയുർവേദ ചികിത്സയുടെ പ്രയോജനം ലഭ്യമാക്കുന്ന പദ്ധതിയാണ് വയോ അമൃതം പദ്ധതി. 15 വൃദ്ധസദനങ്ങളിലെ 850-ഓളം അന്തേവാസികൾക്ക് പദ്ധതി പ്രയോജനം ലഭിയ്ക്കുന്നു. ഭാരതീയ ചികിത്സാ വകുപ്പു മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്.
4. **മൾട്ടി സ്പെഷ്യൽ ഡേ കെയർ സെന്റർ**: - വയോജനങ്ങൾക്കായി ഒരു മാതൃകാ സായംപ്രഭ ഹോം സ്ഥാപിക്കുന്ന പദ്ധതിയാണിത്. ഇപ്രകാരം നെയ്യാറ്റിൻകര നഗരസഭയുടെ സഹകരണത്തോടെ 2017-18-ൽ നെയ്യാറ്റിൻകരയിൽ മാതൃകാ സായംപ്രഭാ ഹോം സ്ഥാപിച്ച് പ്രവർത്തനം നടന്നു വരുന്നു. 2018-19 വർഷത്തിൽ കോഴിക്കോട് ജില്ലയിൽ മാതൃകാ സായംപ്രഭാ ഹോം സ്ഥാപിയ്ക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.
5. **വയോ സൗഹൃദ ഗ്രാമപഞ്ചായത്ത്**: മുതിർന്ന പൗരന്മാരുടെ അവശതകൾ പരിഹരിയ്ക്കുന്നതിനും അവരുടെ ആരോഗ്യപരിപാലനത്തിനും വിനോദ വിജ്ഞാന പരിപാടികൾ എന്നീ ലക്ഷ്യങ്ങൾക്കായി പഞ്ചായത്തുകളെ വയോ സൗഹൃദമാക്കുന്നതിനായി തിരുവനന്തപുരം, പാലക്കാട്, ജില്ലകളിലെ തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ നടപ്പാക്കുന്ന പദ്ധതിയാണ് വയോ സൗഹൃദ പഞ്ചായത്ത് പദ്ധതി. തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ പഞ്ചായത്തിനെ വയോസൗഹൃദ പഞ്ചായത്തായി ഇതിനകം തന്നെ

നിർണ്ണയിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ, വെമ്പായം പഞ്ചായത്തുകളിലും പാലക്കാട് ജില്ലയിലെ മുണ്ടൂർ, പുതുശ്ശേരി, കരിമ്പ, പെരുവെമ്പ് എന്നീ പഞ്ചായത്തുകളിലും വയോസൗഹൃദ ഗ്രാമപഞ്ചായത്ത് പദ്ധതി നടപ്പിലാക്കുന്നു.

6. **മ്യൂസിക് തെറാപ്പി** :- സംസ്ഥാനത്തെ സർക്കാർ വൃദ്ധ സദനങ്ങളിലെ താമസക്കാരുടെ ശാരീരികവും മാനസികവുമായ ഉല്ലാസത്തിന് എറണാകുളം ആസ്ഥാനമായുള്ള സീക്രട്ട് ഓഫ് മ്യൂസിക് എന്ന സ്ഥാപനവുമായി സഹകരിച്ച് മ്യൂസിക് തെറാപ്പി പ്രോഗ്രാമുകൾ നടത്തി വരുന്നു.
7. **വയോമധുരം പദ്ധതി** :- സംസ്ഥാനത്തെ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള മുതിർന്ന പൗരന്മാർക്ക് രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് കൃത്യമായും പതിവായും നിരീക്ഷിക്കുന്നതിനായി ഗ്ലൂക്കോ മീറ്ററുകൾ സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതിയായ വയോമധുരം പദ്ധതിയ്ക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. ആദ്യഘട്ടമായി 14 ജില്ലകളിലായി 14000 പേർക്ക് ഗ്ലൂക്കോ മീറ്ററുകൾ നൽകുന്നതിനാണ് ലക്ഷ്യമിട്ടുന്നത്. KMSCL മുഖാന്തരം നടപ്പാക്കുന്ന പദ്ധതിയ്ക്ക് ടി സ്ഥാപനവുമായി ധാരണാ പത്രത്തിൽ ഒപ്പ് വച്ച് കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.